**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2732** **06-10-2025 - ൽ മറുപടിയ്ക്ക്**

**2016 മുതൽ നാളിതുവരെയുള്ള അധിക വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വൈദ്യുതി ഉല്പാദന മേഖലയിൽ എത്ര മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ; | (എ) | 2016 മുതലുള്ള വൈദ്യുതി ഉപഭോഗവും, ആകെ വൈദ്യുതി ഉല്പാദനത്തിന്റെയും കണക്കുകളും **അനുബന്ധമായി ചേർക്കുന്നു.**<br><br>സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ മൊത്തം 28.5 MW സ്ഥാപിത ശേഷിയോടെ ചുവടെയുള്ള 5 ചെറുകിട ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അവ കൂടാതെ ഏഴാംകടവ് (350kW) പദ്ധതി ഗ്രിഡിൽ യോജിപ്പിച്ച് വൈദ്യുതി നല്കുന്നുണ്ട് കമ്മീഷനിംഗ് നടപടി പൂർത്തിയായിട്ടില്ല.<br><br>പദ്ധതികൾ - പതങ്കയം (കോഴിക്കോട്) (8 MW), കാരിക്കയം (പത്തനംതിട്ട) സ്റ്റേജ്-2 (4.5 MW), ആനക്കാംപൊയിൽ (കോഴിക്കോട്) (8 MW), അരിപ്പാറ (കോഴിക്കോട്) (4.5 MW), മുക്കടം (ഇടുക്കി) (4 MW).<br><br>സംസ്ഥാനത്ത് 2016 മുതൽ അനെർട്ട് മുഖേന ആകെ 41.37 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>• സോളാർസിറ്റി തിരുവനന്തപുരം പദ്ധതി - 17.06 മെഗാവാട്ട്<br>• സൗര പദ്ധതി – 7 മെഗാവാട്ട്<br>• ഡെപ്പോസിറ്റ് വർക്ക് – 14.810 മെഗാവാട്ട്<br>• അനെർട്ട് പദ്ധതി – 2.5 മെഗാവാട്ട്<br>• ഇടുക്കി,വയനാട്, പാലക്കാട് ജില്ലകളിലെ 67 വിദൂര ആദിവാസി കോളനികളിൽ അനെർട്ട് മുഖേന 2325 ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു നൽകി.<br><br>സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM |

| | | | |
|---|---|---|---|
| | | | KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>നിലവിൽ 4100 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഇതിൽ 2200 എണ്ണത്തിന്റെ സൗരോർജ്ജവൽ ക്കരണം പൂർത്തിയായി. ഇതിൽ 1150 എണ്ണം സൗരോർജ്ജനിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 4.1 M W അധിക സൗരോർജ്ജ ശേഷി നേടുവാനായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലഘട്ടത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | 2016 മുതലുള്ള വൈദ്യുതി ഉപഭോഗവും, ആകെ വൈദ്യുതി ഉല്പാദനത്തിന്റെയും കണക്കുകളും **അനുബന്ധമായി ചേർക്കുന്നു.**<br><br>സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ മൊത്തം 28.5 MW സ്ഥാപിത ശേഷിയോടെ ചുവടെയുള്ള 5 ചെറുകിട ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അവ കൂടാതെ ഏഴാംകടവ് (350kW) പദ്ധതി ഗ്രിഡിൽ യോജിപ്പിച്ച് വൈദ്യുതി നല്കുന്നുണ്ട് കമ്മീഷനിംഗ് നടപടി പൂർത്തിയായിട്ടില്ല.<br><br>പദ്ധതികൾ - പതങ്കയം (കോഴിക്കോട്) (8 MW), കാരിക്കയം (പത്തനംതിട്ട) സ്റ്റേജ്-2 (4.5 MW), ആനക്കാംപൊയിൽ (കോഴിക്കോട്) (8 MW), അരിപ്പാറ (കോഴിക്കോട്) (4.5 MW), മുക്കുടം (ഇടുക്കി) (4 MW).<br><br>സംസ്ഥാനത്ത് 2016 മുതൽ അനെർട്ട് മുഖേന ആകെ 41.37 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>• സോളാർസിറ്റി തിരുവനന്തപുരം പദ്ധതി - 17.06 മെഗാവാട്ട്<br>• സൗര പദ്ധതി – 7 മെഗാവാട്ട്<br>• ഡെപ്പോസിറ്റ് വർക്ക് – 14.810 മെഗാവാട്ട്<br>• അനെർട്ട് പദ്ധതി – 2.5 മെഗാവാട്ട്<br>• ഇടുക്കി,വയനാട്, പാലക്കാട് ജില്ലകളിലെ 67 വിദൂര ആദിവാസി കോളനികളിൽ അനെർട്ട് മുഖേന 2325 ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു നൽകി. |

| | | | |
|---|---|---|---|
| | | | സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>നിലവിൽ 4100 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഇതിൽ 2200 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി. ഇതിൽ 1150 എണ്ണം സൗരോർജ്ജനിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 4.1 M W അധിക സൗരോർജ്ജ ശേഷി നേടുവാനായിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Year | Total Consumption (MU) | Maximum demand in MW | Total Internal Generation (MU) | Installed Capacity in MW | Increase in Installed Capacity in MW including Solar |
|---|---|---|---|---|---|
| **15-16** | 22766 | 3860 | 7192 | 2875 | 42 |
| **16-17** | 23815 | 4004 | 4599 | 2704 | -171 (BSES decommissioned) |
| **17-18** | 24370 | 3884 | 5862 | 2797 | 93 |
| **18-19** | 24935 | 4242 | 7983 | 2810 | 13 |
| **19-20** | 26246 | 4316 | 5843 | 2829 | 19 |
| **20-21** | 25348 | 4284 | 7003 | 3016 | 187 |
| **21-22** | 26609 | 4380 | 6199 | 3177 | 161 |
| **22-23** | 27742 | 4517 | 9492 | 3528 | 351 |
| **23-24** | 30939 | 5301 | 6569 | 3813 | 285 |
| **24-25** | 31608 | 5797 | 8877 | 4588 | 775 |
| **Total** | | | | | **1755** |

സെക്ഷൻ ഓഫീസർ